# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊന്നത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1042/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 02/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊന്നത്തടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7-1042/2023 തീയ്യതി: 02/11/2023

## ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-12-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 16-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 16-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ
ശ്രീമതി. ഷൈനി എം. ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രമ്യ റെനീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പി ഹരിദാസ് | സെക്രട്ടറി | 01-04-2022 | 04-01-2023 |
| ശ്രീമതി കാഞ്ചന റ്റി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. പി ഹരിദാസ് | സെക്രട്ടറി | 01-04-2022 | 04-01-2023 |
| ശ്രീമതി കാഞ്ചന റ്റി കെ | അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി -ഇൻ-ചാർജ്ജ്) | 05-01-2023 | 31-03-2023 |
| ശ്രീമതി കാഞ്ചന റ്റി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സിജി എം എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. തോമസ് മണവാളൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. ജോയൽ കെ ജോസ് | ഓവർസിയർ (അസി. എഞ്ചിനീയറുടെ അധിക ചുമതല) | 01-04-2022 | 16-09-2022 |
| ശ്രീ.വൈശാഖൻ ആർ | അസിസ്റ്റൻറ് എഞ്ചിനിയർ | 17-09-2022 | 20-10-2022 |
| ശ്രീ.ബിമോൻ പി ബേബി | ഓവർസിയർ (അസി. എഞ്ചിനീയറുടെ അധിക ചുമതല) | 21-10-2022 | 16-11-2022 |
| ശ്രീമതി ഷെറിൻ ആൻഡ്രൂസ് | അസിസ്റ്റൻറ് എഞ്ചിനിയർ | 17-11-2022 | 31-03-2023 |
| ശ്രീ അരവിന്ദ് രാമചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ധന്യാ സി ഡി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത കെ ജി | ഹെഡ്മിസ്ട്രസ് പഞ്ചായത്ത് .യു .പി.സ്കൂൾ | 01-04-2022 | 31-03-2023 |
| ശ്രീമതി ജോളി കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 01-06-2022 |
| ശ്രീമതി ഷൈലജ വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-06-2022 | 13-07-2022 |
| ശ്രീമതി ആര്യ കൃഷ്ണൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 14-07-2022 | 12-01-2023 |
| ശ്രീമതി ഖദീജ കെ എം | ഐ സി ഡി എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഡോ.ദീപു കൃഷ്ണ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 01-04-2022 | 26-04-2022 |
| ഡോ.ഗോപിനാഥൻ മോൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 27-04-2022 | 10-11-2022 |
| ഡോ.ജയജീന ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) | 11-11-2022 | 31-03-2023 |
| ശ്രീ.സുധീഷ് എം പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 26-10-2022 |
| ശ്രീമതി രാകേന്ദു കെ ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷികകണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1 -1 |
| 3 | ആസ്തി രജിസ്റ്റര്‍ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാര്‍ഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയില്‍ രജിസ്റ്ററുകള്‍ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എന്‍ട്രികള്‍ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ജേണല്‍ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകള്‍ ഇല്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകുന്നത് 708403/- രൂപ | 1-3-1 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | വികലമായ വികസന പരിപ്രേക്ഷ്യം - പ്രഖ്യാപിത ലക്ഷ്യങ്ങള്‍ വിദൂരതയില്‍ | 1-4-1 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | സാമൂഹ്യ സുരക്ഷാ പദ്ധതികള്‍ | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 17 | തനതുവരുമാനം പലിശരഹിത അക്കൌണ്ടില്‍ സൂക്ഷിക്കുന്നു | 1-9 |
| 18 | തനത് വിഭവ സമാഹരണം-അവലോകനം | 1-10 |
| 19 | ജീവനക്കാരുടെ തൊഴില്‍ നികുതി ഈടാക്കിയില്ല | 1-11 |
| 20 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകകുടിശിക ഈടാക്കിയിട്ടില്ല | 1-12 |
| 21 | യഥാര്‍ത്ഥ ചെലവു തുകകള്‍ മുന്‍കൂര്‍ കണക്കുകളില്‍ നിന്ന് ക്രമീകരിച്ചിട്ടില്ല | 1-13 |
| 22 | ദേശീയ തൊഴിലുറപ്പ പദ്ധതിക്കുള്ള സാമഗ്രികളുടെ സംഭരണം- ഇടപാടുകളിലെ അവധാനതക്കുറവു മൂലം സര്‍ക്കാര്‍ ഫണ്ടിന് ലക്ഷങ്ങളുടെ നഷ്ടം | 1-14 |
| 23 | കൃഷി ഓഫീസര്‍ നിര്‍വ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങള്‍ | 1-15 |
| 24 | മരുന്നു വാങ്ങല്‍ പദ്ധതി-വിതരണ ഏജന്‍സി മരുന്ന് പൂര്‍ണമായും ലഭ്യമാക്കിയില്ല | 1-16 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകള്‍ | 1-17 |
| 26 | റോഡ് കണക്ടിവിറ്റി മാപ്പിംഗ്-തുക ചെലവഴിച്ചത് ക്രമവിരുദ്ധം - ചെലവ് തടസ്സം | 1-18 |
| 27 | കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണം നിര്‍വ്വഹണ ഏജന്‍സി മുഖേന നടപ്പാക്കി | 1-19 |
| 28 | ക്ഷീര കര്‍ഷകര്‍ക്ക് പാലിന് സബ്സിഡി-ഗുണഭോക്താവിന് അധിക തുക നല്‍കി | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്കുകള്‍ക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വര്‍ക്കിന് നല്‍കിയ തുകയുടെ വിവരങ്ങള്‍ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-06-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 03-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും, ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 02.11.2023 | ഇടുക്കി ജില്ല ഓഡിറ്റ് കാര്യാലയം |

### 1-1 -1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ധനകാര്യ പത്രികയുടെ ഷെഡ്യൂൾ I-19 ൽ Prior Period Income ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയെ (Prior Period Income-Property Tax: -1125823) സാധൂകരിക്കുന്ന നോട്ട്സ് ഓൺ അക്കൗണ്ട്സ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26/07/2011-ലെ ജി.ഒ.(എം.എസ്) 152/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6446806/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-552376 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡുകൾ പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

1) വായ്പയിനത്തിലെ മുന്നിരിപ്പ്, ചെലവ് ഇനങ്ങളിൽ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങളും ബാങ്ക് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ഷെഡ്യൂൾ B-18 – Advance To Other Accredited Agencies ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്. Advance To Others ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക MGNREGA ഇനത്തിലുള്ള മുൻകൂർ ആയതിനാൽ തുക കൃത്യമായ ഇനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

3) മുൻകൂറായി ലഭിക്കുന്ന തുക വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വിവിധയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

### 1-1-5 നികുതി/നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

1) ഇൻകം & എക്സ്പെൻഡീച്ചർ അക്കൌണ്ട് (I-19) പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളൊ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളൊ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നൊ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

2) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ഭരണസമിതിയിൽ അവതരണം | I(1)/തീ. 24.03.2022 |
| അംഗീകാരം | I(1)/തീ. 31.03.2022 |
| ബജറ്റ് പുതുക്കൽ | 5(1)/തീ. 02.03.2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 7906176 |
| വരവ് | 391043000 |
| ആകെ | 398949176 |
| ചെലവ് | 388987352 |
| നീക്കിയിരിപ്പ് | 7961824 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനുവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ്/ തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 29913000 | 29913000 | 26205852 | 0 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 2066250 | 2066250 | 1535571 | 0 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 899000 | 899000 | 711781 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 3373633 | 7444000 | 10817633 | 3399298 | 7418335 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 233116 | 4962000 + 238600(പലിശ) | 5433716 | 5238945 | 194771 |
| ഹെൽത്ത് ഗ്രാന്റ് (PHC) | 0 | 421588 | 421588 | 0 | 421588 |
| ഹെൽത്ത് ഗ്രാന്റ് (Infrastructure) | 0 | 720113 | 720113 | 0 | 720113 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 10042000 | 10042000 | 8589653 | - |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 2243000 | 2243000 | 1210845 | - |
| സമ്പൂർണ്ണ ശുചിത്വം | 1699191 | 0 | 1699191 | 1699191 | 0 |
| ശുചിത്വമിഷൻ | 92355 | 0 | 92355 | 92355 | 0 |
| ഐ.സി.ഡി.എസ്. | 1879007 | 1835438 | 3714445 | 928046 | 2786399 |
| പശ്ചിമഘട്ടം | 2762122 | 0 | 2762122 | 0 | 2762122 |
| ജലനിധി | 3765924 | 305514 | 4071438 | 2339250 | 1732188 |

| | | | | | |
|---|---|---|---|---|---|
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| പഠന ലിഖന അഭിയാൻ | 13249 | 0 | 13249 | 13249 | 0 |
| 320100135 National AIDS And STD Control Programme | 0 | 40699 | 40699 | 0 | 40699 |
| 320200207 Fund For Transferred Institution -Ayurveda | 0 | 500000 | 500000 | 0 | 500000 |
| 320300199 ലൈഫ് സംസ്ഥാനവിഹിതം | 3317875 | 1073709 | 4391584 | 37057 | 4354527 |
| 320700404 അതിദാരിദ്ര്യം (ബ്ലോക്ക് പഞ്ചായത്ത്) | 0 | 75000 | 75000 | 0 | 75000 |

1) വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം വികസനഫണ്ട് – എസ്.സി.പി. വിഭാഗത്തിൽ ആകെ ₹2551000 അനുവദിച്ചിട്ടുണ്ടെങ്കിലും സ.ഉ.(സാധാ) നം.1049/2023/ധന. തീയതി, 13.02.2023 ഉത്തരവ് പ്രകാരം അനുവദിച്ച ₹484750 സ്ഥാപനത്തിന്റെ അക്കൌണ്ടിൽ ലഭ്യമായിട്ടില്ല. ആയതിനാൽ ടി തുക കുറവുചെയ്തതിനുശേഷമുള്ള തുകയാണ് വരവായി എടുത്തിരിക്കുന്നത്. (2551000-484750=2066250)

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അനുസരിച്ച് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) ഇനത്തിൽ സ.ഉ.(സാധാ)നം.2862/2022/ധന. തീയതി. 08 .04. 2022 ഉത്തരവ് പ്രകാരം ആദ്യ ഗഡുവായി ₹ 11203300 അനുവദിച്ചെങ്കിലും രണ്ടാം ഗഡുവിന്റെ ഉത്തരവിൽ (സ.ഉ.(സാധാ)നം.6267/2022/ധന. തീയതി. 05.09.2022) ₹9707967 തിരികെ ക്രമീകരിക്കുകയാണ് ചെയ്തത്. ഉടർന്ന് മൂന്നാം ഗഡുവായി സ.ഉ.(സാധാ)നം.8253/2022/ധന. തീയതി, 05 .12. 2022 ഉത്തരവ് പ്രകാരം ₹747667 അനുവദിച്ചെങ്കിലും അത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടില്ല.

സ.ഉ.(അ)നം.99/2022/ധന. തീയതി, 27.08.2022 ഉത്തരവ് പ്രകാരം ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) പുനർവിതരണം നടത്തിയതനുസരിച്ച് കൊന്നത്തടി ഗ്രാമപ്പഞ്ചായത്തിന് റോഡ് സംരക്ഷണഗ്രാന്റിനത്തിൽ അനുവദിച്ചത് ₹ 2243000 ആണ്. ആയതിനാൽ യഥാർത്ഥത്തിൽ സ്ഥാപനത്തിന് ലഭ്യമായ ₹2243000 ആണ് വരവായി എടുത്തിട്ടുള്ളത്.

3) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ സ.ഉ.(സാധാ) നം.4585/2022/ധന. തീയതി, 23.06.2022 ഉത്തരവ് പ്രകാരം മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക അനുവദിച്ചതാണ് മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ബേസിക്ക് ഗ്രാന്റ് ഇനത്തിലെ വരവിൽ ബാങ്ക് പലിശ ഇനത്തിലെ തുകയും ഉൾപ്പെടുന്നുണ്ട്. ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹7961084/- യും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ₹7613106/- യുമാണ്. (വ്യത്യാസം ₹ 347978/-) പി എഫ് എം എസ് പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് ഈ വ്യതിയാനത്തിന് കാരണം.

4) സമ്പൂർണ്ണ ശുചിത്വം, ശുചിത്വമിഷൻ ഇനങ്ങളിലെ തുക 160100681 Total Sanitation Campaign എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5) ജലനിധി ഇനത്തിലെ ചെലവായ ₹2339250/- ഷെഡ്യൂൾ I-6 ലെ ₹2338641/- യും ഷെഡ്യൂൾ IRP-30(P) ലെ ₹609/- യും ഉൾപ്പെടുന്ന തുകയാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2854981 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 2321400 |

| | | |
|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 245749 |
| വികസന ഫണ്ട്-റ്റി.എസ്.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 126981 |

2) സ.ഉ.(സാധാ) നം.1049/2023/ധന. തീയതി, 13 .02. 2023 ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിൽ അനുവദിച്ച താഴെപ്പറയുന്ന തുക സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. (ACR-ൽ ഈ തുക വരവിൽ ഉൾപ്പെട്ടിട്ടുണ്ട്). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2541736 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 157340 |

വരവിൽ ഉൾപ്പെടുത്താത്ത ടി സംഖ്യകൾ ചെലവിൽ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ.വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-റ്റി.എസ്.പി.)

3) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

### 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാകുന്നത് 708403/- രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എംഎസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഷോർട്ട് ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽനിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് പൊതുവിഭാഗം, ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) എന്നിവ മാത്രമാണ് നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിക്കാനായത്. തൻമൂലം ഷോർട്ട് ഫോളായി ₹708403/- യാണ് ചുവടെ ചേർക്കുന്നപ്രകാരം നഷ്ടമാകുന്നത്.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 2066250 | 1535571 | 74.31 | 413250 | 117429 |
| വികസന ഫണ്ട് (TSP) | 899000 | 711781 | 79.17 | 179800 | 7419 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 2243000 | 1210845 | 53.98 | 448600 | 583555 |
| ആകെ | | | | | 708403 |

വികസന ഫണ്ട് (SCP), വികസന ഫണ്ട് (TSP) എന്നീയിനങ്ങളുടെ ചെലവിൽ തൻവർഷമുണ്ടായ കുറവിന്/ ഷോർട്ട് ഫോളിന് തുല്യമായി 2023-24 ൽ പൊതുവിഭാഗം ഫണ്ടിൽനിന്ന് നടത്തുന്ന പരിഹാര വകയിരുത്തലിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പരിഹാര വകയിരുത്തലിന് വേണ്ടി വരുന്ന തുക (₹) |
|---|---|

| | |
|---|---|
| 123456<br>വികസന ഫണ്ട് (SCP) | 117429 |
| വികസന ഫണ്ട് (TSP) | 7419 |
| ആകെ | 124848 |

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 228 | 103934201 | 140 | 52186903 | 88 | 61.4 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 07 | 06 | 4097680 | 3594564 |
| വെറ്ററിനനറി സർജൻ | 02 | 02 | 892600 | 796800 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 09 | 05 | 6150145 | 4202298 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03 | 03 | 504680 | 504680 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 19 | 18 | 20154414 | 5311820 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 05 | 04 | 9140415 | 5111092 |
| സെക്രട്ടറി | 45 | 27 | 32465008 | 16298397 |
| ഡയറി ഫാം ഇൻസ്റ്റക്ടർ | 01 | 01 | 3300000 | 2970000 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ | 02 | 02 | 632320 | 632000 |
| അസിസ്റ്റന്റ് എഞ്ചിനീയർ,LID & EW | 130 | 68 | 24403061 | 10670552 |
| അസിസ്റ്റന്റ് സെക്രട്ടറി | 05 | 04 | 2193878 | 2094700 |
| ആകെ | 228 | 140 | 103934201 | 52186903 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 20.05.2022, 05.06.2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 24.05.2022 മുതൽ 30.05.2022 വരെ |
| വികസന സെമിനാർ | 12.062022 |
| ഭരണാനുമതി | I(1)/ തീ. 20.07.2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ | 677/2022/DPC/DPO/IDK തീ. |

| | |
|---|---|
| അംഗീകാരം) | 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞെങ്കിലും പ്രോജക്ടുകളുടെ നിർവഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.
- ആകെ ആവിഷ്കരിച്ച പ്രോജക്ടുകളിൽ മൂന്നിലൊന്നും ഉപേക്ഷിക്കപ്പെട്ടു.
- ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം എന്നിവയ്ക്ക് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്ന് വരുത്തിയ കിഴിവും, മെയിന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റ് 1.12കോടിയിൽനിന്ന് 22 ലക്ഷം രൂപയായി പരിമിതപ്പെട്ടതും മൂലം പദ്ധതി വിഹിതത്തിൽ കുറവുണ്ടായതാണ് പ്രോജക്ടുകളിൽ പലതും ഉപേക്ഷിക്കാൻ കാരണമായത്.
- ലഭിച്ച മെയിന്റനൻസ് ഗ്രാന്റ്പോലും യഥാസമയം വിനിയോഗിക്കാൻ കഴിയാതെ ഷോർട് ഫോൾ സംഭവിച്ചത് പ്രത്യേകം കാണേണ്ടതാണ്.
- ലഭ്യമായ സർക്കാർ ഗ്രാന്റ് വാർഡടിസ്ഥാനത്തിൽ വീതം വെയ്ക്കുന്ന നടപടി തൻവർഷവും തുടർന്നു. തൻമൂലം തുച്ഛമായ അടങ്കലിൽ വളരെയേറെ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടി വന്നു.
- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായത് മികച്ച നേട്ടമായി വിലയിരുത്തുന്നു.

അപാകങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4-1 വികലമായ വികസന പരിപ്രേക്ഷ്യം - പ്രഖ്യാപിത ലക്ഷ്യങ്ങൾ വിദൂരതയിൽ

ജനങ്ങൾ തങ്ങൾക്കാവശ്യമായ പദ്ധതികൾ സ്വയം ആസൂത്രണം ചെയ്ത് നടപ്പാക്കി സമഗ്രമായ വികസനം കൈവരിക്കുക എന്ന ഉദാത്ത ലക്ഷ്യം മുൻനിർത്തിയാണ് അധികാരവികേന്ദ്രീകരണം 73, 74 ഭരണഘടനാഭേദഗതികളിലൂടെ സാധ്യമാക്കിയത്. എന്നാൽ യഥാർത്ഥ ലക്ഷ്യം തമസ്കരിക്കുന്ന രീതിയിലുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ പദ്ധതിയുടെ രജത ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പോലും ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്നത്. നാലു ദിക്കുകളും മലകളാൽ ചുറ്റപ്പെട്ട, വികസന കാര്യത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന ഭൂപ്രദേശമാണ് കൊന്നത്തടി ഗ്രാമപഞ്ചായത്ത്. 19 വാർഡുകൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും പരിമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമുള്ളവയാണ്. അടിസ്ഥാനസൗകര്യവികസനത്തിന്റെ അളവുകോലായി കണക്കാക്കുന്നത് ഗതാഗതയോഗ്യമായ റോഡുകളുടെ നിർമാണമാണ്. റോഡുകളുടെ ഉടമസ്ഥത, ദൈർഘ്യം, അവസ്ഥ, തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ സമഗ്രമായി വിലയിരുത്തി റോഡ് കണക്കിവിറ്റി മാപ്പ് തയ്യാറാക്കാൻ വാർഷിക പദ്ധതിയുടെ ഭാഗമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പ്രാവർത്തികമായിട്ടില്ല.

2018-ലും, 2019-ലും ഉണ്ടായ പ്രളയം ഏറ്റവും ഭീകരമായി ബാധിച്ച ഒരു ഭൂപ്രദേശമാണ് കൊന്നത്തടിയെന്ന വസ്തുത പ്രത്യേകം കാണേണ്ടതാണ്. അന്നുണ്ടായ മണ്ണിടിച്ചിൽ, മഴവെള്ളപ്പാച്ചിൽ എന്നിവ മൂലം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും നശിച്ചിരുന്നു. എന്നാൽ ഇവയുടെ സമഗ്രമായ നവീകരണവും വികസനവും സാധ്യമാകുന്ന രീതിയിൽ വിശാലമായ കാഴ്ചപ്പാടിലൂടെയല്ല വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വെയ്പ്, സങ്കുചിതമായ വ്യക്തി താത്പര്യങ്ങൾ, വകയിരുത്തുന്ന ഫണ്ടുകൾ യഥാസമയം

വിനിയോഗിക്കാതെ പാഴാക്കൽ തുടങ്ങിയ കാരണങ്ങളാൽ യഥാർത്ഥ വികസന ലക്ഷ്യം അപ്രാപ്യമാക്കുന്നു. പദ്ധതി പരാജയം സംബന്ധിച്ച വിശദമായ കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

എ) ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഓരോ വാർഷിക പദ്ധതിയിലും 80 മുതൽ 100 വരെ റോഡ് നിർമാണ പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. എന്നാൽ അവയിൽ ഭൂരിപക്ഷവും വിവിധ കാരണങ്ങളാൽ നടപ്പാക്കാതെ ഉപേക്ഷിക്കുകയോ, തുടർന്നുള്ള വർഷത്തേക്ക് മാറ്റിവെയ്ക്കുകയോ ചെയ്യുന്നതാണ് പതിവായി കാണുന്ന പ്രവണത. കമ്പോളത്തിലെ വിലക്കയറ്റം, തൊഴിലാളികളുടെ കൂലി വർദ്ധനവ്, നികുതി വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ സമയം തെറ്റിയുള്ള നിർവഹണം പദ്ധതികളുടെ കാര്യക്ഷമതയെയും ഗുണമേന്മയെയും ദോഷകരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. തൻവർഷം വാർഷിക പദ്ധതിയുടെ ഭാഗമാക്കിയ 23 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിച്ചത് അവ യഥാർത്ഥത്തിൽ അനിവാര്യമായിരുന്നില്ലായെന്ന സൂചനയാണ് നൽകുന്നത്. ആവശ്യാധിഷ്ഠിതമല്ലാതെ പ്രോജക്റ്റുകൾ ഏറ്റെടുത്ത് തുക ചെലവഴിക്കുന്ന പ്രവണത പൂർണമായും ഒഴിവാക്കേണ്ടതാണ്.

ബി) വകയിരുത്തിയ ഫണ്ടുകൾ വിനിയോഗിക്കുന്നില്ല

വകയിരുത്തുന്ന മെയിന്റനൻസ് ഗ്രാന്റുകളുടെ (R) & (NR) പകുതി പോലും വിനിയോഗിക്കാതെയാണ് ഓരോ വാർഷിക പദ്ധതിയും കടന്നു പോകുന്നത്. തൻമൂലം തുടർന്നു വരുന്ന വർഷത്തെ അലോട്ട്മെന്റിൽനിന്ന് പ്രസ്തുത പ്രോജക്റ്റുകൾക്ക് തുക കണ്ടെത്തേണ്ടി വരുന്നു. ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടി വരുന്നത് തൻവർഷം പുതിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. സ്രോതസ്സിൽ നിന്ന് കിഴിവു ചെയ്യുന്ന ഭീമമായ തുകയുടെ ഭാരം വാർഷിക പദ്ധതിയെ ഗുരുതരമായി ബാധിക്കുന്നതിനു പുറമെയാണിത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം ബില്ലുകൾ പിൻവലിക്കാൻ കഴിയാതെ വരുന്നതും വിഷയം സങ്കീർണമാക്കുന്നു.

സി) തുച്ഛമായ ദൈർഘ്യമുള്ള റോഡ് നിർമാണ പ്രോജക്റ്റുകൾ

ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസന പദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്ത്വം പാലിക്കാതെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ ഹ്രസ്വദൂര റോഡ് നിർമ്മാണ പ്രോജക്റ്റുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ആകെ ദൈർഘ്യം 2 മുതൽ 8 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 15 മുതൽ 30 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷിക പദ്ധതികളിൽ പ്രോജക്റ്റ് ആവിഷ്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളു. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യവും വളരെയാണ്. 2018-ലെ DSR അടിസ്ഥാനമാക്കി വിലസൂചികയിലെ (Cost Index = 41.53%) തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാൽ നിർമ്മാണപ്രവൃത്തികളുടെ ചെലവ് വളരെയധികം വർധിച്ചിട്ടുണ്ട്. ഇതിനുപുറമെ 2022 ജൂലൈ 17 മുതൽ GST നഷ്ടപരിഹാരമായി 18% തുക കൂടി കരാറുകാരന് നൽകേണ്ടി വരുന്നതും ചെലവുഭാരം വൻതോതിൽ വർദ്ധിപ്പിക്കുന്നു.

പ്രോജക്റ്റുകളുടെ നിർവഹണം ഇതേ വേഗത്തിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ പതിറ്റാണ്ടുകൾ കഴിഞ്ഞാലും ഗ്രാമപഞ്ചായത്തിന് കഴിയില്ലായെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ഇത്തരത്തിലുള്ള വികലമായ പ്രോജക്റ്റ് ആസൂത്രണം യഥാർത്ഥ ലക്ഷ്യങ്ങൾ അപ്രാപ്യമാക്കുന്നതിനും സ്ഥായിയായ വികസന ലക്ഷ്യം മരീചികയായി അവശേഷിക്കാനുമാണ് ഉപകരിക്കുക. നാമമാത്രമായ അടങ്കലുള്ള പ്രോജക്റ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ജീവനക്കാർക്ക് ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നുവെന്നതും പ്രത്യേകം കാണേണ്ടതാണ്.

വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വെയ്പുകൾ മാറ്റിനിർത്തി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചും, അടങ്കൽ തുക വർദ്ധിപ്പിച്ചും പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7050 | 2192179 | 2199229 | 808044 | 1391185 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 103464347 | 103464347 | 103464347 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5867600 | 538 |
| വിധവാ പെൻഷൻ | 9102000 | 848 |
| വാർദ്ധക്യകാല പെൻഷൻ | 31126700 | 3000 |
| വികലാംഗ പെൻഷൻ | 3971400 | 356 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 424000 | 39 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 06 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8509/- (എണ്ണായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പത്തൊൻപത് അംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസി.സെക്രട്ടറി, ഹെഡ് അക്കൗണ്ടന്റ്, 3 സീനിയർ ക്ലാർക്കുമാർ, 3 ക്ലാർക്കുമാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ ( സൂപ്പർ ന്യൂമററി), നാല് ഫുൾ ടൈം സ്വീപ്പർമാർ എന്നിവർ സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2) മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ, തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ നിർണയിച്ചിട്ടുള്ള ഡി.സി.ബി തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദമായ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

3) അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള കാലപരിധികൾ തൻവർഷവും പാലിച്ചിട്ടില്ല.

4) വിവിധ അക്കൗണ്ടുകളുടെ 2023 ജൂലൈ 31 വരെയുള്ള പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

5) ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

6) പ്രധാന തനതു വരുമാനസ്രോതസുകളായ നികുതികൾ സമയബന്ധിതമായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ വാടകയിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ 2008 മുതൽ 2022 വരെയുള്ള 35 ലക്ഷത്തിൽപ്പരം രൂപയുടെ കുടിശ്ശികയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. എന്നാൽ തൻവർഷത്തെ കുടിശ്ശിക മാത്രമാണ് ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നത്. വിശദ പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

7) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

8) ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

9) വാർഷിക പദ്ധതി നിർവഹണം - ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം വാർഷിക പദ്ധതിയിൽ ഉണ്ടായെങ്കിലും പ്രോജക്ട് നിർവഹണത്തിൽ പുരോഗതിയില്ല. ഏറ്റെടുത്തവയിൽ മൂന്നിലൊന്നും ഉപേക്ഷിക്കപ്പെട്ടു.

10) തുച്ഛമായ അടങ്കലിൽ ഒട്ടനവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പദ്ധതി നിർവഹണത്തെ സാരമായി ബാധിക്കുന്നു.

11) വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വെയ്പ്പ് തൻവർഷവും തുടർന്നു. ജനകീയാസൂത്രണ പദ്ധതിയുടെ അന്തഃസത്തയെത്തന്നെ ചോദ്യം ചെയ്യുന്നതാകയാൽ സങ്കുചിത-വിഭാഗീയ ചിന്തകൾ മറികടന്ന്, ഗ്രാമപഞ്ചായത്തിനെ ഒന്നായി കണ്ട്, യഥാർത്ഥ വികസന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനുതകും വിധം വാർഷിക പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

12) സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-9 തനതുവരുമാനം പലിശരഹിത അക്കൌണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. പാറത്തോട് ശാഖയിൽ ഒരു അക്കൗണ്ട് (നം.37111724209) പരിപാലിക്കുന്നുണ്ട്. നികുതി വരവുകൾക്കൊപ്പം പഞ്ചായത്തിന് അനുവദിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി വായ്പാ തുക, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയും പ്രസ്തുത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യത്തിനായി സർക്കാർ ലഭ്യമാക്കുന്ന തുകകൾ തനതു ഫണ്ടിന്റെ ലോഡ്ജിംഗിനായി ആരംഭിച്ചിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ നിലനിർത്തി വിനിയോഗിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പ്രസ്തുത അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനവും ലഭിക്കുന്നില്ല. 12.09.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹3,97,088/- അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം

നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒപ്പം ലൈഫ് ഭവന പദ്ധതി ധനസഹായതുകകൾ പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി വിനിയോഗം യഥാവിധി നിയന്ത്രിക്കേണ്ടതുമാണ്.

1-10 തനത് വിഭവ സമാഹരണം-അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കൊന്നത്തടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

പ്രധാന വരുമാന മേഖലകൾ

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ നികുതി പിരിവ് സംബന്ധിച്ച വിവരങ്ങൾ ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വിലയിരുത്തിയതായി മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽ കാണുന്നു.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

ഭരണ സമിതി യോഗങ്ങളിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ജീവനക്കാരുടെയും ജനപ്രതിനിധികളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി 100% പിരിവ് നടത്തി.

പ്രധാന വരവിനങ്ങളുടെ നിർണയം, ഡിമാന്റ്, പിരിവ്, രേഖസൂക്ഷിപ്പ് തുടങ്ങിയ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) വസ്തുനികുതി -നികുതി പരിഷ്കരണ നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എംഎസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ(പി) നം 25/2023 നമ്പർ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 21.07.2023 ൽ ചേർന്ന കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 1(1)). കൂടാതെ എല്ലാ കെട്ടിടങ്ങളുടെയും വാർഷിക

വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (26.08.2023-ലെ എസ്.ഇ2 1456/2023) കരട് വിജ്ഞാപനം 27.08.2023-ൽ പത്രങ്ങളിലും, ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. എന്നാൽ ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും, ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശ പ്രകാരം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ബി) തൊഴിൽ നികുതി

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 77 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ട്. ഈ വിഭാഗത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി) ലൈസൻസ് ഫീസുകൾ

കാർഷിക മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തലസൗകര്യങ്ങൾ വളരെ കുറവാണ്. പാറത്തോട്, കമ്പിളികണ്ടം എന്നിവയാണ് ഗ്രാമപഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള തുകയുടെ ആധികാരികത വ്യക്തമല്ല. 248 സ്ഥാപനങ്ങളെ 2022-23 വർഷത്തിൽ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഫീസ്, തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതുമാണ്.

ഡി) വാടക, കുത്തകാവകാശം

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 36 കടമുറികൾ ഉണ്ട് ഇവയിൽ 23 കടമുറികൾ ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി. ക്ക് നൽകിയിരിക്കുന്ന 6 മുറികളിൽ വൻ തുക കുടിശ്ശിക അവശേഷിക്കുന്നുണ്ട്. 12 കടമുറികൾ ലേലം ചെയ്ത് നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഒരു മുറി ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിനായി നൽകിയിരിക്കുന്നു. വാടക കുടിശ്ശിക ഈടാക്കുന്നതിലേക്കും വാടകയ്ക്ക് നൽകാത്ത മുറികൾ വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇ) രേഖ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിക്കുന്നു.

1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുകയുണ്ടായി.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| 1. | പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് LTD No.K.263, കമ്പിളികണ്ടം ശാഖ | I | II |
| 2. | പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് LTD No.K.263, മുള്ളിരിക്കുടി ശാഖ | I | II |
| 3. | വളം ഡിപ്പോ, പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പാറത്തോട് | I | II |
| 4. | നീതി മെഡിക്കൽ സ്റ്റോർ,പാറത്തോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I | II |

ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതിയിൽ കുടിശ്ശികയില്ല. (ബി15 പത്രിക കാണുക). പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി (ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും) ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/14.09.2023) മറുപടി ലഭ്യമാക്കിയില്ല. ഡിമാന്റ് കണക്കുകൾ സമഗ്രമാക്കി കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-12 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകകുടിശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്പിളികണ്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 6 കടമുറികൾ കെ.എസ്.ഇ.ബി. കമ്പിളികണ്ടം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. (XI/772, 773, 742, 743, 744, 761). 2008-ൽ ഒരു വർഷത്തേക്ക് വാടക രഹിതമായി പ്രവർത്തിക്കുന്നതിനും അതിനുശേഷം വാടക ഒടുക്കണമെന്നുമുള്ള നിബന്ധനയോടെയുമാണ് കെട്ടിടം വിട്ടു നൽകിയിരുന്നത്. എന്നാൽ കരാർ ചമച്ച് വാടക നിശ്ചയിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന വാടക ഒടുക്കുന്നതിനോ കെ.എസ്.ഇ.ബി. തയ്യാറായില്ല. വാടക കുടിശിക ഉൾപ്പെടെ അടവാക്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും വാടകരഹിതമായി പ്രവർത്തിക്കുന്നതിനാണ് കെട്ടിടം വിട്ടു നൽകിയിട്ടുള്ളതെന്നും അല്ലാത്തപക്ഷം ആയതിന് കരാർ ഹാജരാക്കണമെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ഇ.ബിയുടെ നിലപാട് അംഗീകരിക്കാൻ സാധിക്കാത്തതിനാൽ വാടകരഹിതമായി പ്രവർത്തിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് നൽകിയ രേഖ ഉണ്ടെങ്കിൽ ആയത് ഹാജരാക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെടുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയും (തീരുമാന നം.4(10)/തീ.5.11.2021) തദനുസരണം കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കെ.എസ്. ഇ.ബി. ക്ക് റവന്യൂ റിക്കവറി നോട്ടീസ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. (നോട്ടീസ് നം.എ5-3857/21 തീ. 18.01.2022 കുടിശ്ശിക തുക-₹35,74,370/-). പ്രസ്തുത RR നോട്ടീസിലെ തുക ഒറ്റത്തവണ തീർപ്പാക്കൽ നടപടികൾക്കായി ബഹു.ജില്ലാ കളക്ടർ അടങ്ങുന്ന കമ്മിറ്റിയിൽ വയ്ക്കാമെന്ന് കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സമ്മതിച്ചതായി ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (കത്ത് നം. A7-1910/2022/dt. 26.03.2022). ടി തുക ഈടാക്കുന്നതിന് ഓൺലൈൻ ആർ.ആർ. റിക്വിസിഷൻ നടപടികൾ തൽക്കാലം സ്വീകരിക്കേണ്ടതില്ല എന്ന് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു (നം.12(1)/തീ.28.06.2022). ദൈനംദിന ചെലവുകൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കും യഥാസമയം പണം കണ്ടെത്താനാവാതെ വിഷമിക്കുന്ന ഗ്രാമപഞ്ചായത്ത് ഇത്ര ഭീമമായ കുടിശ്ശിക ഈടാക്കാൻ കാലികവും കർശനവുമായ നടപടികൾ സ്വീകരിക്കാതിരുന്നത് ക്രമവിരുദ്ധമാണ്.

17.06.2022 മുതൽ 31.03.2023 വരെയുള്ള 8 മാസ കാലയളവിലേക്ക് 17.06.22 ൽ വാടക കരാർ ചമച്ച് ₹12430/- ( ₹2072 X 6) + 18% ജി.എസ്.റ്റി. ഉൾപ്പെടെ ആകെ ₹14668/- വാടകയായി നിശ്ചയിച്ചിട്ടുണ്ട്. 2022 ജൂലൈ മുതൽ നവംബർ വരെ കരാർ

പ്രകാരം നിശ്ചയിച്ച നിരക്കിൽ വാടക ഒടുക്കിയെങ്കിലും അതോടൊപ്പം ജി.എസ്.ടി. ഒടുക്കിയിട്ടില്ല. 2021-22 വർഷത്തെയും 2022 ജൂൺ മാസം വരെയുമുള്ള വാടക ഈടാക്കിയതിന്റെ വിവരങ്ങളില്ല. 2022-23 വർഷം കുടിശികയായ ₹49728 (ജൂലൈ മുതൽ നവംബർ വരെയുള്ള മാസങ്ങളിലേത്) ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക (2021-22 വർഷത്തെ മുഴുവൻ തുക) + (2022 ജനവരി മുതൽ ജൂൺ വരെ ) + (12/2022, 1/2023, 2/2023, 3/2023) + (2008-09 മുതൽ 2020-21 വരെയുള്ള ₹3574379/-) ഈടാക്കി അറിയിക്കേണ്ടതാണ്.

2017-ലെ കേന്ദ്ര-കേരള ജി.എസ്.ടി നിയമത്തിലെ വകുപ്പ് 7-ന്റെ കീഴിലുള്ള രണ്ടാം പട്ടികയിലെ രണ്ടാം ഖണ്ഡിക അനുസരിച്ച് വാടക-ലീസ് കരാറുകൾ ജി.എസ്.ടി യുടെ പരിധിയിൽ വരുന്നതാകയാൽ നിശ്ചിത നിരക്കിൽ അത് വാടകയ്ക്കൊപ്പം ഒടുക്കുവാൻ കെ.എസ്.ഇ.ബിയും ബാധ്യസ്ഥമാണ്. ആകയാൽ കുടിശ്ശികതുകയ്ക്ക് ബാധകമായ നികുതി കൂടി ഈടാക്കി സർക്കാർ ഫണ്ടിന്റെ നഷ്ടം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീ.14.09.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-13 യഥാർത്ഥ ചെലവു തുകകൾ മുൻകൂർ കണക്കുകളിൽ നിന്ന് ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം മുൻകൂർ കണക്കുകളിൽ പ്രാഥമികമായി ഉൾപ്പെടുത്തിയ ചില തുകകൾ യഥാർത്ഥ ചെലവായി പരിണമിച്ചുവെങ്കിലും അവ മുൻകൂറുകളുടെ ഗണത്തിൽ നിന്ന് മാറ്റി യഥാർത്ഥ ചെലവായി അക്കൗണ്ട് ചെയ്യാത്തതു മൂലം കണക്കുകളുടെ കൃത്യതയ്ക്ക് ഭംഗം സംഭവിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ₹96552/- കെൽട്രോണിന് മുൻകൂർ നൽകുകയും, കമ്പ്യൂട്ടർ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതേ പോലെ മഴക്കാലപൂർവ്വ ശുചീകരണത്തിനായി 19 വാർഡുകളിലേക്കായി ₹380000/- (19x20000) മെഡിക്കൽ ഓഫീസർക്കു നൽകുകയും തൻവർഷം തന്നെ ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ തുകകൾ അഡ്വാൻസ് തുകകളായാണ് വാർഷികകണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവ യഥാർത്ഥ ചെലവായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-14 ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുള്ള സാമഗ്രികളുടെ സംഭരണം- ഇടപാടുകളിലെ അവധാനതക്കുറവു മൂലം സർക്കാർ ഫണ്ടിന് ലക്ഷങ്ങളുടെ നഷ്ടം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ 2022-23 സാമ്പത്തിക വർഷത്തെ കർമ പരിപാടിയിലുൾപ്പെട്ട റോഡ് നിർമാണപദ്ധതികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ (മെറ്റൽ, എം സാന്റ്, സിമന്റ് എന്നിവ) സൈറ്റുകളിൽ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് അംഗീകരിച്ചതിലെ അവധാനതക്കുറവു മൂലം സർക്കാർ ഫണ്ടിന് ലക്ഷങ്ങളുടെ നഷ്ടമാണ് സംഭവിച്ചത്. 22.02.2023-ൽ തുറക്കുന്നതിന് നിശ്ചയിച്ച ദർഘാസിൽ (പരസ്യ തീയതി 10.02.2023) മൂന്നു കരാറുകാർ പങ്കെടുത്തു. ഓരോ കരാറുകാരനും സമർപ്പിച്ച നിരക്കുകളുടെ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | വാഗ്ദാനം ചെയ്ത നിരക്ക്(₹) | ടെൻഡറിലെ സ്ഥാനം |
|---|---|---|---|
| 1 | നിയോൺ ടെക്നോളജീസ് | 1,25,33,646 | L1 |
| 2 | ജോളി ജോസ് | 1,31,49,836 | L2 |
| 3 | ജെ. ജെ. അസോസിയേറ്റ്സ് | 1,32,90,569 | L3 |

L1 കരാറുകാരനും L2 കരാറുകാരനും വാഗ്ദാനം ചെയ്ത നിരക്കുകൾ തമ്മിൽ ₹6,16,190/-. ന്റെ വ്യത്യാസമുള്ളപ്പോൾ L2 കരാറുകാരനാണ് കരാർ ഉറപ്പിച്ചു നൽകിയത്.

വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിച്ച്, ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും സംബന്ധിച്ച മാർഗരേഖ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.03.2012-ലെ ജി.ഒ(എം.എസ്) 93/2012 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങലുകൾ നിയന്ത്രിക്കുന്നതിന് പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.11.2010-ലെ ജി.ഒ (എം.എസ്) 259/2010 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൂടി ബാധകമെന്ന് പ്രസ്തുത മാർരേഖയിലെവിടെയും വ്യവസ്ഥ ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് പതിന്നാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ – സബ്സിഡി മാർഗരേഖയിലോ പരാമർശിച്ചിട്ടുമില്ല. ആകയാൽ പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷമായ 2022-23- ലെ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 8.11.2010-ലെ ജി.ഒ(എം.എസ്) 259/2010 നമ്പർ ഉത്തരവ് ബാധകമായിരുന്നില്ല. ആ നിലയ്ക്ക് 2010-ലെ പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമെന്ന് ടെൻഡർ നോട്ടീസിൽ രേഖപ്പെടുത്തിയ നടപടിക്ക് നിയമ പിൻബലമില്ല.

2. തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സാധനങ്ങൾ വാങ്ങൽ മാർഗരേഖയനുസരിച്ച് ഒരു വിതരണക്കാരന് വേണ്ട യോഗ്യതകൾ താഴെപ്പറയുന്നവയാണ്.

A) വിതരണക്കാരന് സ്വന്തമായി വാഹനമുണ്ടായിരിക്കേണ്ടത് അഭിലഷണീയമാണ്.

B) ചുരുങ്ങിയത് രണ്ടു വർഷത്തെ പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്.

C) വിതരണക്കാരൻ സർക്കാർ വകുപ്പുകളുടെയോ സർക്കാർ ഏജൻസികളുടെയോ കരിമ്പട്ടികയിൽപ്പെട്ട ആൾ ആകരുത്.

D) വിതരണക്കാരൻ പഞ്ചായത്ത് അംഗമോ, അംഗത്തിന്റെ ബന്ധുവോ, പഞ്ചായത്തിലെ ഉദ്യോഗസ്ഥനോ ആകാൻ പാടില്ല.

പ്രസ്തുത മാർഗരേഖയിലൊരിടത്തും വിതരണക്കരാറുകാരന് കോൺട്രാക്ട് ലൈസൻസ് വേണമെന്ന് നിഷ്കർഷിക്കുന്നില്ല. കരാറുകാരെയും ഇടനിലക്കാരെയും പൂർണമായി ഒഴിവാക്കിയാവണം തൊഴിലുറപ്പ് പദ്ധതി നടപ്പാക്കേണ്ടതെന്ന് കേന്ദ്ര സർക്കാരിന്റെ കർശന നിർദ്ദേശമുള്ളതാണ്. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ വിദഗ്ധ-അർദ്ധ വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾ മുഖേന പൂർത്തീകരിക്കേണ്ടതിനാൽ വിതരണക്കാരന് കോൺട്രാക്ട് ലൈസൻസ് ഉണ്ടായിരിക്കണമെന്ന നിഷ്കർഷയ്ക്ക് യാതൊരു പ്രസക്തിയും ഇല്ലാത്തതാണ്. ജി.എസ്.ടി രജിസ്ട്രേഷൻ ആണ് വിതരണക്കരാറുകാരന് നിർബന്ധമായും ഉണ്ടായിരിക്കേണ്ടത്. കോൺട്രാക്ട് ലൈസൻസില്ലാത്ത നെടുങ്കണ്ടം പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘമാണ് നെടുങ്കണ്ടം-കട്ടപ്പന അടിമാലി ബ്ലോക്കുകളിൽപ്പെട്ട മിക്ക ഗ്രാമപഞ്ചായത്തുകളിലും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള റോഡ് നിർമാണത്തിന് അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതെന്ന കാര്യവും ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കാത്ത വ്യവസ്ഥ ഗ്രാമപഞ്ചായത്തിന് നിർദ്ദേശിക്കാൻ അധികാരമില്ലായെന്ന വസ്തുതയും പ്രത്യേകം കാണേണ്ടതാണ്.

3. ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത വ്യക്തിയും രണ്ടാമത്തെ കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത വ്യക്തിയും തമ്മിൽ 6 ലക്ഷത്തിലധികം രൂപയുടെ വ്യത്യാസമുണ്ടായിട്ടും കരാർ ലൈസൻസ് ഓൺലൈനായി അപ്ലോഡ് ചെയ്യാതിരുന്ന നടപടി കേവലം സാങ്കേതിക പിഴവായി പരിഗണിച്ച് അത് ഹാജരാക്കാൻ അവസരം നൽകുകയോ രേഖാമൂലം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്താതിരിക്കുകയോ ചെയ്തത് ബോധപൂർവമല്ലായെന്ന് കരുതാനാകില്ല. രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിക്ക് കരാർ അനുവദിക്കുന്നതിൽ പ്രകടിപ്പിച്ച തിടുക്കം ഭരണസമിതിക്ക് ഈ വിഷയത്തിലെ താത്പര്യം വ്യക്തമാക്കുന്നതാണ്.

4. പരസ്യത്തിലെ വ്യവസ്ഥകൾ പാലിക്കുന്ന കുറഞ്ഞത് മൂന്ന ദർഘാസുകളെങ്കിലും ലഭിക്കാത്ത സാഹചര്യത്തിൽ (ആകെയുള്ള

മൂന്ന പേരിൽ ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത ആളിന് യോഗ്യതയില്ലെന്ന് ഗ്രാമപഞ്ചായത്ത് വിലയിരുത്തിയതിനാൽ) ഗ്രാമപഞ്ചായത്തിന്റെ നടപടികൾ സുതാര്യമെങ്കിൽ തുടർനടപടികൾ റദ്ദ് ചെയ്ത് റീ-ടെൻഡർ നടപടികളിലേക്ക് പോവേണ്ടിയിരുന്നു. എന്നാൽ അതിനു പകരം L2 നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിക്ക് 27.02.2023-ലെ കത്ത് മുഖേന (A4-597/2022) കൂടിയാലോചനയ്ക്ക് /നിരക്കു കുറയ്ക്കാൻ അവസരം നൽകുകയാണ് ചെയ്തത്. അതിനു ശേഷം ഒരു ടൺ സിമന്റിന് ₹40/- നിരക്കിൽ കുറവു നൽകാമെന്ന വാഗ്ദാനം അംഗീകരിച്ച് (ആകെ കുറവു വരുത്തുന്ന തുക കേവലം ₹21979/- le, 0.0016% കുറവ്) കരാർ ഉറപ്പിച്ച് നൽകി. (ഭരണസമിതിയുടെ 27.02.2023-ലെ 6(2) നമ്പർ തീരുമാനം). സാമ്പത്തിക വർഷം അവസാനിക്കുവാൻ പോകുന്നുവെന്ന സാങ്കേതികത്വം വാദത്തിന് പരാമർശിക്കാമെങ്കിലും ഇത്രയും ഭീമമായ നഷ്ടം സർക്കാർ ഫണ്ടിനുണ്ടാക്കുന്ന നടപടിയായതിനാൽ അത് അംഗീകരിക്കാൻ സാധിക്കില്ല.

5. ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത വ്യക്തി മുൻകാലങ്ങളിൽ വ്യത്യസ്ത സ്ഥാപനനാമങ്ങൾ ഉപയോഗിച്ച് കരാറിൽ ഏർപ്പെട്ട ശേഷം സമയബന്ധിതമായി സാധനങ്ങൾ വിതരണം ചെയ്തില്ലായെന്നും സമാനമായ നടപടി സമീപ പഞ്ചായത്തുകളിലും ടിയാൻ ആവർത്തിച്ചുവെന്നുമാണ് ഭരണസമിതിയുടെ 27.02.2023-ലെ 6(2) നമ്പർ തീരുമാനത്തിലെ കണ്ടെത്തൽ. എന്നാൽ L2 നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിക്ക് കരാർ ഉറപ്പിച്ചു നൽകുന്നതിന് ഭരണസമിതി മുന്നോട്ടുവെച്ച പ്രസ്തുത വാദഗതി സ്ഥാപിച്ചെടുക്കുന്നതിന് യാതൊരു രേഖാപരമായ തെളിവും തുടർന്നു നടന്ന (ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന) കോടതി വ്യവഹാരങ്ങളിൽ ഗ്രാമപഞ്ചായത്തിന് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. കരാർ ലംഘനം നടത്തിയിട്ടുള്ള പക്ഷം പ്രസ്തുത വ്യക്തിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർന്നുള്ള എല്ലാ കരാറിൽനിന്നും ഒഴിവാക്കേണ്ടിയിരുന്നു. അതിനു പകരം വീണ്ടും ദർഘാസിൽ പങ്കെടുക്കാൻ അവസരം നൽകുകയും അയാളുടേതു കൂടി ചേർത്ത് മൂന്നു ദർഘാസ് ലഭിച്ചതായി പരിഗണിച്ച് രണ്ടാമന് കരാർ ഉറപ്പിച്ചു നൽകിയ നടപടി ഗ്രാമപഞ്ചായത്തിന്റെ സ്വന്തം വാദത്തെ ദുർബലപ്പെടുത്തുന്നതാണ്.

6. വിതരണക്കരാർ L2 ദർഘാസുകാരന് ഉറപ്പിക്കുന്നതിൽ അസാധാരണമായ ഒരു തിടുക്കം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ചുവടെ ചേർക്കുന്ന വസ്തുതകളിൽ നിന്ന് വ്യക്തമാണ്.

| നടപടിക്രമം | തീയതികൾ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|
| കൂടിയാലോചനാ കത്ത് L2-ന് അയച്ച തീയതി | 27.02.2023 | കത്ത് നം. A4-597/2022 തീ. 27.02,2023 |
| ദർഘാസ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച തീയതി | 02.03.2023 | തീരുമാന നം. 06(2)/ 02.03.2023. പ്രസ്തുത യോഗത്തിൽ 2,3 വാർഡുകളിലെ ഒഴികെയുള്ള ഭരണസമിതി അംഗങ്ങൾ പങ്കെടുത്തെങ്കിലും ആരുംതന്നെ എതിർ അഭിപ്രായം വാക്കാലോ രേഖാമൂലമോ അറിയിച്ചിട്ടില്ല. |
| സെലക്ഷൻ നോട്ടീസ് | 02.03.2023 | കത്ത് നം. SC1-2023/1732 തീ. 02.03.2023 |
| സെക്യൂരിറ്റി നിക്ഷേപം ഹാജരാക്കൽ | 02.03.2023 | ₹ 657500/- മൂല്യമുള്ള ടേം ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് നം.13640300068614 തീ.01.03.2023. ഭരണസമിതി ദർഘാസ് അംഗീകരിക്കുന്നതിന് തലേ ദിവസം സെക്യൂരിറ്റി നിക്ഷേപത്തിന് തത്തുല്യമായ തുക ടേം ഡെപ്പോസിറ്റായി മാറ്റി. |
| കരാർ ചമച്ച തീയതി | 02.03.2023 | |
| വർക്ക് ഓർഡർ നൽകിയ തീയതി | 02.03.2023 | |
| കരാറുകാരൻ സാധനങ്ങൾ വിതരണം ചെയ്തു തുടങ്ങിയ | 03.03.2023 | |

| | | |
|---|---|---|
| തീയതി | | |
| മസ്റ്റർ റോൾ ലഭിച്ച തീയതി | 03.03.2023 | |

ടെൻഡർ അംഗീകാരം സംബന്ധിച്ച നടപടികളിലെ ഈ അതിവേഗം ഓംബുഡ്സ്മാന്റെ ഉത്തരവിലും പരാമർശിക്കുന്നുണ്ട്.

L1 നിരക്ക് വാഗ്ദാനം ചെയ്ത ദർഘാസുകാരൻ തന്നെ അയോഗ്യനാക്കിയ നടപടിക്കെതിരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 27.02.2023-ന് കത്ത് നൽകുകയും ഉത്തരവ് പുനഃ പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഏഴ് വർഷമായി താൻ തൊഴിലുറപ്പ് പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നയാളാണെന്നും ഈ ദർഘാസിൽ 13.5% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുണ്ടെന്നും അത് അംഗീകരിക്കാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏഴ് ലക്ഷത്തോളം രൂപ നഷ്ടമുണ്ടാകുമെന്നും ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും അപേക്ഷ പരിഗണിക്കപ്പെട്ടില്ല. ഇതിനെതിരെ ടിയാൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇടുക്കി ഓംബുഡ്സ്മാനെ സമീപിക്കുകയും (OMB.56/MGNREGA/IDK/2023 നമ്പർ കേസ്). അതേ സമയം തന്നെ ബഹു. കേരള ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. (WP(C) 8013/2023). എന്നാൽ ഓംബുഡ്സ്മാനിൽ നിലനിൽക്കുന്ന കേസിന്റെ തുടർനടത്തിപ്പിന് അനുവാദം നൽകി 10.04.2023- ൽ ബഹു. കോടതി തീർപ്പ് കൽപ്പിക്കുകയുണ്ടായി.

L2 വ്യക്തിയുടെ ദർഘാസ് അംഗീകരിച്ചത് വഴി ഗ്രാമപഞ്ചായത്തിന് യഥാർത്ഥത്തിൽ 594211/- രൂപയുടെ ( 616190 – 21979 ) നഷ്ടം സംഭവിച്ചതായി ഓംബുഡ്സ്മാൻ 31.05.2023-ലെ ഉത്തരവിലൂടെ കണ്ടെത്തുകയും അത് ശ്രീ. ജോളി ജോസിൽ നിന്ന് ഒരുമാസത്തിനുള്ളിൽ ഈടാക്കി തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ ഒടുക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ടിയാന് കരാർ ഉറപ്പിച്ച് നൽകിയ 03.03.2023-ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത ഭരണസമിതിയംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്ന് ഒരു മാസത്തിനുള്ളിൽ തുല്യമായി ഈടാക്കുവാനാണ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവിനെതിരെ സംസ്ഥാന ഓംബുഡ്സ് പേഴ്സണെ സമീപിക്കാവുന്നതാണെന്ന ഒഴിവും ഇടുക്കി ഓംബുഡ്സ്മാൻ നൽകിയിരുന്നു. അപ്പീൽ കാലാവധി 30 ദിവസമാണ്. പ്രസ്തുത ഉത്തരവിനെതിരെ കരാറുകാരൻ അപ്പീൽ സമർപ്പിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. എന്നാൽ ഇടുക്കി ഓംബുഡ്സ്മാന്റെ ഉത്തരവും സെക്രട്ടറിയുടെ 05.06.2023- റിക്കവറി നോട്ടീസും (നമ്പർ ലഭ്യമല്ല) ചോദ്യം ചെയ്ത് ടിയാൻ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. (റിട്ട് ഹർജി നം. WP(C)No. 22027/2023). ഇടുക്കി ഓംബുഡ്സ്മാന്റെ ഉത്തരവിനെതിരെ അപ്പലേറ്റ് അതോറിറ്റിയിൽ അപ്പീൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസിനെതിരെ സ്റ്റേ ഹർജി എന്നിവ ഫയൽ ചെയ്യാൻ 07.07.2023- ലെ വിധിയിലൂടെ ബഹു. ഹൈക്കോടതി കരാറുകാരന് അനുവാദം നൽകിയിട്ടുണ്ട്.

നടപടിക്രമങ്ങളിലെ അവധാനതക്കുറവ് മൂലം സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചുവെന്നത് വ്യക്തമാണ്. എന്നിരുന്നാലും അപ്പീൽ സാധ്യത ബഹു. ഹൈക്കോടതി അനുവദിച്ച സാഹചര്യത്തിൽ സംസ്ഥാന ഓംബുഡ്സ് പേഴ്സന്റെ വിധി നിർണായകമാണ്. പ്രസ്തുത അപ്പീൽ തീർപ്പിന് വിധേയമായി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ

2022-23 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | 218/23 ഞങ്ങളും കൃഷിയിലേക്ക് |
| അടങ്കൽ/ചെലവ് | 300000 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽനമ്പർ/ തീയതി | 22101252013901395127/18/03/2023 ₹28720 |

| | |
|---|---|
| | 22101252013901375203/16/03/2023 ₹108250<br>22101252013901494098/27/03/2023 ₹490<br>22101252013901275110/02/03/2023 ₹18000<br>22101252013901143009/06/02/2023 ₹36250<br>22101252013901143015/06/02/2023 ₹15770<br>22101252013901146986/06/02/2023 ₹24180<br>22101252013901166902/09/02/2023 ₹68340 |

പ്രസ്തുത പദ്ധതി പ്രകാരം കൊന്നത്തടി ഗ്രാമപ്പഞ്ചായത്ത് യഥാർത്ഥത്തിൽ ഒരു കാർഷിക മേള നടത്തുകയാണ് ചെയ്തിട്ടുള്ളത്. മേളയിൽ പങ്കെടുത്തവർക്ക് ഭക്ഷണം, വാഹനവാടക, ഡോക്യുമെന്റേഷൻ, സ്റ്റേഷനറി, മെമെന്റോ, മൈക്ക്, സ്റ്റേജ് ഡെക്കറേഷൻ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതിയുടെ ഭാഗമായി തുക ചെലവഴിച്ചിരിക്കുന്നത്. ഉല്പാദനമേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ ഈ പദ്ധതി കാർഷിക മേള മാത്രമായി പരിമിതപ്പെട്ടതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/14.09.2023) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ഈ മേളയിൽ സെമിനാറുകൾ, കർഷകരും ശാസ്ത്രജ്ഞരും തമ്മിലുള്ള സംവാദം എന്നിവ നടന്നതായും മേളയോടനുബന്ധിച്ച് എല്ലാത്തരം നടീൽ വസ്തുക്കളുടെയും സ്റ്റാളുകളും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനം, വിപണനം എന്നിവയും ഉൾപ്പെടുത്തിയിരുന്നതായും ആയത് കർഷകർക്കും സംരംഭകർക്കും ഏറെ പ്രയോജനം ചെയ്തതായും അറിയിച്ചിട്ടുണ്ട്. ഹൈറേഞ്ചിലെ വളരെയേറെ കാർഷിക പാരമ്പര്യമുള്ള കർഷകരെ ഇത്തരമൊരു മേള സംഘടിപ്പിച്ച് കൃഷിയിലേക്ക് ആകർഷിക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ലാത്തതാണ്. നൂതന കാർഷിക സങ്കേതങ്ങൾ പരിചയപ്പെടുത്തുന്ന ശിൽപ്പശാലകൾ, സുഗന്ധവ്യഞ്ജനങ്ങളുടെയും ഇതര നാണ്യവിളകളുടെയും ശാസ്ത്രീയ സംസ്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണവും സാധ്യമാക്കുന്ന പരിശീലനങ്ങൾ, കർഷകർക്ക് മധ്യവർത്തികളെ ഒഴിവാക്കി മികച്ച വിപണി ലഭ്യമാക്കുന്ന ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ/സ്റ്റാർട്ടപ്പ്/സോഫ്റ്റ്വെയർ പ്രവേശനം സാധ്യമാക്കുക തുടങ്ങി കർഷകർക്ക് ഉപകാരപ്രദമായതും കാർഷികമേഖലയിൽ സ്വയംപര്യാപ്തത/ സമഗ്ര മാറ്റം കൈവരിക്കുന്നതിനും മികച്ച വരുമാനം ലഭിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പകരം കേവലം ഒത്തുകൂടലിനും, ആദരിക്കലിനും മാത്രമുള്ള വേദിയായി പ്രസ്തുത പ്രോജക്ട് പരിമിതപ്പെട്ടത് ഒട്ടുംതന്നെ അംഗീകരിക്കാനാകാത്ത വസ്തുതയാണ്. പ്രോജക്ട് ഇപ്രകാരം നടത്താനിടയായ സാഹചര്യത്തിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഏറെ കരുതലോടെ പദ്ധതിപ്പണം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. നിർവഹണ ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2. സഹകരണ സംഘങ്ങളുടെ അക്കൌണ്ടിലേയ്ക്ക് സബ്സിഡി വിഹിതം കൈമാറുന്നു

| പ്രോജക്ട് നം./ പേര് | 195/23 ജൈവകമിൽ നാശിനി | 194/23 ജൈവവളവിതരണം -വനിത |
|---|---|---|
| അടങ്കൽ | 250000 (വികസനഫണ്ട് പൊതുവിഭാഗം) | 2503680 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 249000(വികസനഫണ്ട് പൊതുവിഭാഗം) | 2502000 (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽനമ്പർ/ തീയതി | 22101252013901415206/21/03/2023 ₹54000<br>22101252013901051052/17/01/2023 ₹195000 | 22101252013901031061/11/01/2023 ₹1500000<br>22101252013901264085/28/02/2023 ₹450000 |

| | | |
|---|---|---|
| | | 22101252013901415197/21/03/2023 ₹396000<br>22101252013901449815/23/03/2023 ₹156000, |

എസ് 194/23, എസ് 195/23, എന്നീ പദ്ധതികൾ പ്രകാരമുള്ള സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതിനു പകരം പാറത്തോട് സർവീസ് സഹകരണ ബാങ്കിന്റെ അക്കൌണ്ടിലേയ്ക്കാണ് നൽകിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എം.എസ്) 115/2022 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 2.12 അനുസരിച്ച്, പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ സബ്സിഡി/ ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് മാത്രമാണ് നൽകാവുന്നത്. അനിവാര്യസാഹചര്യങ്ങളിൽ സഹകരണസംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങൾ നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണെന്നും, നിർവ്വഹണ ഉദ്യോഗസ്ഥയുടെ അനുവാദത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണസംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ഗുണഭോക്താക്കൾക്ക് ജൈവ/ ജീവാണുകീടനാശിനികൾ നേരിട്ടു വാങ്ങാവുന്നതും അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. (പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 6.1.1 , 6.1.3 എന്നിവ കാണുക.)

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പാറത്തോട് സർവീസ് സഹകരണ ബാങ്കിന്റെ അക്കൌണ്ടിലേയ്ക്ക് പദ്ധതി പ്രകാരമുള്ള സബ്സിഡി തുക കൈമാറിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/14.09.2023) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നതിനാലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കേണ്ടതുള്ളതിനാലുമാണ് ഇപ്രകാരം പദ്ധതി നടപ്പിലാക്കിയതെന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. കർഷകർ ഗുണഭോക്തൃവിഹിതം മാത്രം ബാങ്കിൽ അടയ്ക്കുകയും സബ്സിഡി തുക ബാങ്കിലേയ്ക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളതെന്നും, തുക പൂർണ്ണമായും ഒടുക്കി കർഷകർ ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റാൻ വിമുഖത പ്രകടിപ്പിക്കുമെന്നും, സഹകരണബാങ്ക് വഴി വളം വിതരണം ചെയ്യുമ്പോൾ ഗുണമേന്മ ഉറപ്പുവരുത്താൻ സാധിക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ ഉന്നയിച്ചിട്ടുള്ള വാദഗതികൾ. ഓരോ മേഖലയിലും സംജാതമാകുന്ന വൈഷമ്യങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് വിശദമായ ചർച്ചകൾക്കും, തെളിവെടുപ്പുകൾക്കും, പരിശോധനകൾക്കും ശേഷം എത്തിച്ചേരുന്ന നിഗമനങ്ങൾ ആസ്പദമാക്കിയാണ് സർക്കാർ കാലാകാലങ്ങളിൽ മാർഗരേഖകൾ പരിഷ്ക്കരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. അവ കർശനമായി പാലിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥയ്ക്ക് ബാധ്യതയുള്ളതിനാൽ പ്രസ്തുത വിശദീകരണം അംഗീകരിക്കുവാൻ കഴിയില്ല.

സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതും ഇത് സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിച്ച് പദ്ധതി നിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതുമാണ്.

1-16 മരുന്നു വാങ്ങൽ പദ്ധതി-വിതരണ ഏജൻസി മരുന്ന് പൂർണമായും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹോമിയോ മെഡിക്കൽ ഓഫീസർ |
| പ്രോജക്ട് നം. | എസ് 59/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രി മരുന്നുവാങ്ങൽ |
| വകയിരുത്തൽ / ചെലവ് | ₹400,000/- |

| | |
|---|---|
| ബിൽ നം./തീയതി | BRN 22101252009000470694/13.09.2022 |

പ്രസ്തുത പദ്ധതി പ്രകാരം ഗവ.ഹോമിയോ ഡിസ്പെൻസറി മുനിയറ, ഗവ. ഹോമിയോ ഡിസ്പെൻസറി, കൊന്നത്തടി എന്നിവയ്ക്ക് ₹200,000/-യുടെ വീതം മരുന്ന് ലഭ്യമാക്കുന്നതിന് ആലപ്പുഴ 'ഹോംകോ'-യ്ക്ക് മേൽ പരാമർശിത ബിൽ പ്രകാരം തുക കൈമാറിയിരുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഗവ. ഹോമിയോ ഡിസ്പെൻസറി, മുനിയറ | ഗവ. ഹോമിയോ ഡിസ്പെൻസറി, കൊന്നത്തടി |
|---|---|---|
| ലഭ്യമായ മരുന്നുകളുടെ മൂല്യം ₹ | 136586 | 147753 |
| ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം ₹ | 63414 | 52247 |

അവശേഷിക്കുന്ന മരുന്ന് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അവ ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-17 തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

അടങ്കൽ തുക :- ₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി മുൻവർഷം ആവിഷ്കരിച്ച് തൻവർഷം തുടർന്നു വന്ന പ്രസ്തുത പ്രോജക്ടിനുവേണ്ടി (എസ് 086/23) ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് രീതിയിലാണ് ദർഘാസ് ക്ഷണിച്ചത്. (പരസ്യ നം.എ4/597/21 തീ.7-1-2022 ). ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സിഡ്കോ സെയിൽസ് എംപോറിയം എന്ന സ്ഥാപനത്തിന് നിർവ്വഹണച്ചുമതല നൽകി. സാധന സാമഗ്രികൾ ലഭ്യമാക്കിയതിന് സിഡ്കോയ്ക്ക് ₹300000/- (ബിൽ നം.86/തീ.26.8.23) നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക പരിപാലന കരാർ രീതിയിലാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും പ്രസ്തുത വർഷം ആവശ്യമായി വരുന്ന സാധനസാമഗ്രികളുടെ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടതിൽ നിന്നും വിഭിന്നമായാണ് ഉപകരണങ്ങൾ വാങ്ങിയത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ദർഘാസ് പരസ്യത്തിൽ ആവശ്യപ്പെട്ട സാധനങ്ങൾ | കരാർ സ്ഥാപനം ലഭ്യമാക്കിയവ |
|---|---|---|
| എൽ.ഇ.ഡി.ബൾബ് 18W | 100 | ഇല്ല |
| എൽ.ഇ.ഡി.ബൾബ് 12W | 300 | ഇല്ല |
| വെതർ പ്രൂഫ് കേബിൾ 4sq Mm | 1000 M | ഇല്ല |
| പെൻഡന്റ് ഹോൾഡർ | 200 | ഇല്ല |
| ലൈറ്റ് ഷേഡ് (വെള്ള) | 200 | ഇല്ല |
| ഇൻസൊലേഷൻ ടേപ്പ് | 100 | 15 |
| ബെഡ് സ്വിച്ച് | 250 | ഇല്ല |

| | | |
|---|---|---|
| 300w ഫ്ലഡ് ലൈറ്റ് | 9 | 20 |
| 2.4 പോൾ ELCB | 1 | ഇല്ല |
| 3.4 പോൾ ഐസൊലേറ്റർ | 1 | ഇല്ല |
| 4.2 പോൾ ഐസൊലേറ്റർ | 3 | ഇല്ല |
| 16AMCB | 3 | 5 |
| 40Amps, 4 പോൾ ELCB | ഇല്ല | 1 |
| 40 Amps, 4 പോൾ ഐസൊലേറ്റർ | ഇല്ല | 1 |
| 3 Pole കണ്ടക്ട് | ഇല്ല | 6 |
| 2 Pole കണ്ടക്ട് | ഇല്ല | 2 |
| ടൈമർ (ഡിജിറ്റൽ) | ഇല്ല | 3 |
| ടൈമർ (അനലോഗ്) | ഇല്ല | 2 |
| 40 Amps, 2 പോൾ ELCB | ഇല്ല | 1 |

ടെണ്ടർ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായി സപ്ലൈ ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമല്ല.

2. വാർഷിക മെയിന്റനൻസ് ഉൾപ്പെടെയാണ് ടെണ്ടർ ക്ഷണിച്ചതെങ്കിലും സിഡ്കോ ലഭ്യമാക്കിയിരിക്കുന്ന ബില്ലിൽ സാധനങ്ങൾ കൈമാറുന്നതോടെ അവരുടെ ഉത്തരവാദിത്വം അവസാനിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

3. വാങ്ങിയ സാമഗ്രികൾ സ്ഥാപിച്ചതായി രേഖകളില്ല. ജനപ്രതിനിധികൾ/വൈദ്യുതി ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. AMC, വാങ്ങിയ സാമഗ്രികളുടെ വാറണ്ടി, അവ സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി എൻക്വയറി നൽകിയിരുന്നെങ്കിലും (നം.1/തീ.14-9-2023) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക ₹300000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 റോഡ് കണക്ടിവിറ്റി മാപ്പിംഗ്-തുക ചെലവഴിച്ചത് ക്രമവിരുദ്ധം - ചെലവ് തടസ്സം

നിർവ്വഹണ ഉദ്യോഗസ്ഥൻ:- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പ്രോജക്ടിന്റെ പേര്, നമ്പർ :- റോഡ് കണക്ടിവിറ്റി മാപ്പിംഗ് (എസ് 083/23)

അടങ്കൽ :- ₹500000/- (₹235320 വികസന ഫണ്ട് പൊതു വിഭാഗം + ₹264680 തനതു ഫണ്ട്)

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമീണ പഠനകേന്ദ്രം, കരകുളം എന്ന സ്ഥാപനത്തിന് ₹200,000/-(BRN 2210125201280 തീ.28.2.2023) നൽകിയിട്ടുണ്ട്. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.11.2022- ലെ സി.4080/19 കത്ത് അനുസരിച്ച്, ഒരു വാർഡിന് ₹3000/- നിരക്കിൽ തുക ചെലവഴിക്കാവുന്ന രീതിയിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ട് ആസൂത്രണം ചെയ്യാവുന്നത്. അത് പ്രകാരം, 19 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന് പരമാവധി ചെലവഴിക്കാവുന്ന തുക ₹57000/- ആയിരുന്നു. അധിക തുക ചെലവഴിച്ചതിന് വിശദീകരണം, പ്രൊജക്ടിനു വേണ്ടി ₹500000/- വകയിരുത്തിയതിന്റെ അടിസ്ഥാനം, സ്ഥാപനം റോഡ് മാപ്പ് തയ്യാറാക്കി നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി അന്വേഷണക്കുറിപ്പ് (ഓഡിറ്റ് എൻക്വയറി നം. 2/തീ.14.9.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ചെലവ് തുക ₹200000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണം നിർവ്വഹണ ഏജൻസി മുഖേന നടപ്പാക്കി

2022-23 വർഷം കുൃൻമേരിപ്പടി എസ്.എൻ.ഡി.പി. പടി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ (എസ് 89/23) പ്രൊജക്റ്റ് നൽകുന്നതിനു വേണ്ടി കേരള പി.ഡബ്ല്യു.ഡി. തൃശ്ശൂർ ഇലക്ട്രിക്കൽ ഡിവിഷനിൽ ₹172000/- (ചെല്ലാൻ നം. KL026771874202223m/25-1-23) ഒടുക്കിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷന് പ്രൊജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി നൽകുന്ന സെന്റേജ് ചാർജ് തുകയായ ₹17881.52/- (എസ്റ്റിമേറ്റ് തുകയുടെ 13.78%) ഉൾപ്പെടെയുള്ള തുകയാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, മൂല്യ നിർണ്ണയം നടത്തുക തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിദഗ്ധ അംഗങ്ങൾ അടങ്ങിയ ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ് (ഡി.എൽ.റ്റി.സി.ഇ). ഇവരുടെ മാനവേതനമായി നൽകേണ്ടി വരുന്നത് എസ്റ്റിമേറ്റ് തുകയുടെ 4% മാത്രമാണ്. ഇതിനുപുറമെ ഗ്രാമപഞ്ചായത്തിൽ പൂർണ്ണസജ്ജമായ എഞ്ചിനീയറിംഗ് വിഭാഗമുള്ളതുമാണ്. ടെൻഡർ നടപടികളിലൂടെ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുന്ന പക്ഷം കാര്യക്ഷമത, സാമ്പത്തികനേട്ടം, സമയലാഭം എന്നിവ സാധ്യമാകുമായിരുന്നു. നിർവഹണ ഏജൻസി മുഖേനയുള്ള പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കോ, മോണിട്ടറിംഗ് സമിതിയ്ക്കോ നേരിട്ട് നിയന്ത്രണമൊന്നും ഇല്ലായെന്ന വിവരവും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ സ്ഥാപനം ലഭ്യമായിട്ടില്ലായെന്ന വസ്തുതയും പ്രത്യേകം കാണേണ്ടതാണ്. പ്രസ്തുത മാർഗം സ്വീകരിക്കാതെ നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ചതുമൂലം സെന്റേജ് ചാർജിനത്തിൽ ഗ്രാമപഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട്. കാര്യക്ഷമത, സാമ്പത്തിക അച്ചടക്കം എന്നിവ ഉറപ്പാക്കുന്ന രീതിയിൽ പ്രോജക്റ്റ് നിർവഹണ നടപടികൾ ഏകോപിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ഗുണഭോക്താവിന് അധിക തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് |
| പദ്ധതിയുടെ നമ്പർ | 202/2023 |
| അടങ്കൽ | ₹3300000/- (പൊതു വിഭാഗം – സാധാരണ വിഹിതം – ₹230000/-, ജില്ലാ പഞ്ചായത്ത് വിഹിതം- ₹1000000/-) |
| ചെലവ് | ₹3300000/- (പൊതു വിഭാഗം – സാധാരണ വിഹിതം – ₹230000/-, ജില്ലാ പഞ്ചായത്ത് വിഹിതം-₹67000/-) |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ സ.ഉ.(കൈ)നം115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.9 പ്രകാരം ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതി മുഖേന ഒരു ഗുണഭോക്താവിന് നല്കാവുന്ന പരമാവധി ധനസഹായം ₹40000/- യാണ്. എന്നാൽ പ്രസ്തുത പരിധി അതിലംഘിച്ച് ശ്രീ. റിന്റോ ബേബി എന്ന ഗുണഭോക്താവിന് ₹1945/- അധികമായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ആധാർ | അക്കൌണ്ട് വിവരങ്ങൾ | തുക | ഫണ്ട് | യു റ്റി ആർ നമ്പർ |
|---|---|---|---|---|---|
| റിന്റോ ബേബി പൂങ്കുടിയിൽ പാറത്തോട് | 468814934153 | State Bank Of India PARATHODE (IFSC:SBIN0070514) – 67056548658 | 14369 | ജില്ലാ പഞ്ചായത്ത് വിഹിതം | RBI0822366551132 |
| | | | 24753 | പൊതു വിഭാഗം – | RBI0262356545975 |

| | | | |
|---|---|---|---|
| | | സാധാരണ വിഹിതം | |
| | 2823 | പൊതു വിഭാഗം – സാധാരണ വിഹിതം | RBI0822366552039 |
| ആകെ തുക | 41945 രൂപ | | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/തീ. 14.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ ₹1945/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 103200 | ഭിന്നശേഷി സ്കോളർഷിപ്പ് (156/230) | 103200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 370000 | സുവർണ്ണഭവനം (274/23) | | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 670000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് (202/23) | 670000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (നം.) | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് | ക്യൂൻമേരിപ്പടി-എസ്.എൻ.ഡി.പി. പടി കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 172000 | 00 | 172000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ജവഹർ ഭവന പദ്ധതി | 299564/ ഡി.ബി.15/ എൽ.എസ്.ജി.ഡി. തീയതി:01.10.2015 | 00 | 20047539 | 6590000 | 1000000 | 13457539 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018 എൽ.എസ്.ജി.ഡി. തീയതി.11.09.2018 | 3300000 | 33788000 | 3227711 | -- | 33860289 |

ഗ്രാമപഞ്ചായത്തിലെ വായ്പ രജിസ്റ്റർ അപൂർണ്ണമാണ്. ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ വായ്പരജിസ്റ്ററിൽ നിന്നും ലഭ്യമാവുന്നില്ല. ജവഹർ ഭവനപദ്ധതി വായ്പ ബാധ്യതയായി മുൻവർഷ ധനകാര്യപത്രികയിൽ സൂചിപ്പിച്ചിരിക്കുന്ന തുകയിൽ പിശകുണ്ട്. ₹11145539/- ആയിരുന്നു മുൻവർഷകണക്കുകൾ പ്രകാരമുള്ള ബാധ്യതയായി പരിഗണിച്ചിരുന്നത്. തൻവർഷം ജേണൽ വൗച്ചർ നം.42201454/31-3-2023 പ്രകാരം ₹8902000/- കൂടി വായ്പ ബാധ്യതയിൽ ഉൾപ്പെടുത്തി കണക്കുകൾ പുനക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ടി ക്രമീകരണത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ധനകാര്യപത്രിക അടിസ്ഥാനത്തിലുള്ള തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ലൈഫ് ഭവനപദ്ധതി വായ്പ മുൻവർഷ നീക്കിയിരിപ്പായി സൂചിപ്പിച്ചിരിക്കുന്നത് ₹33788000/- ആണ്. തൻവർഷം വരവായി ₹3300000/- ലഭിക്കുകയും ചെലവായി സ്രോതസ്സിൽ നിന്ന് ₹3227711/- കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ₹6455424/- കൂടി തിരിച്ചടവിൽ ഉൾപ്പെടുത്തി അന്തിമതുക ₹27404864/- എന്നാണ് ധനകാര്യപത്രികയിൽ നിർണ്ണയിച്ചിട്ടുള്ളത്. കണക്കുകളിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹621390 |
| തൻവർഷം നിക്ഷേപിച്ച തുക | ₹0 |
| ആകെ | ₹621390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹621390 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ഇല്ല |

പിൻവലിച്ച സ്ഥിരനിക്ഷേപം ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ 10-8-2022-ൽ നിക്ഷേപിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1,300/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ ഡി.ഡി. നം./ തീയതി |
|---|---|---|---|---|
| 2015-16 | 2-2 | 1300 | ഷോപ്പ് മാനേജർ, സപ്ലൈകോ സൂപ്പർമാർക്കറ്റ് പാറത്തോട് | 1220302226/1-2-2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15<br>2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16<br>2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16<br>2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | വകുപ്പ് | | | | ഉൾപ്പെട്ടുത്തിയിട്ടുണ്ടോ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | | 0 | 0 | 0 | 0 | 36768 | - |

<u>ബി) സർചാർജ് നടപടി വഴി ഈടാക്കിയ  തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27,29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 20.08.04/ 22.09.04 | 20474 | 0 | | 0 | 0 | 0 | 0 | 20474 | ... |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചിനീയർ | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 11.03.2005/ 26.03.2005 | 6828 | 0 | | 0 | 0 | 0 | 0 | 6828 | ... |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. | 17520 | 0 | | 0 | 0 | 0 | 0 | 17520 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2/2005, 04.07.2006 | | | | | | | | | |
| 6 | 2004-05 | 3-11 (Part) | കെ. എ. റഷീദ് അസി. എഞ്ചിനീയർ | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (Part) | കെ. സുധാകരൻ അസി. എഞ്ചിനീയർ | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 21.11.2009 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009, 18.01.2011 | 23055 | 0 | | 0 | 0 | 0 | 0 | 23055 | ... |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | | 0 | 0 | 0 | 0 | 8520 | ... |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം ( Receipt And Payment Schedule പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹ 24479692/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 46121742/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 70601434/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 39674936/- |
| തൻവർഷത്തെ നീക്കിയിരിപ്പ് | ₹ 30926498/-- |
| കുറിപ്പ് -പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹500000 /- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 300000/- | ശ്രീ. പി. ഹരിദാസ്, സെക്രട്ടറി |
| 1-18 | 200000/- | ശ്രീമതി. കാഞ്ചന റ്റി. കെ. |

| | | |
|---|---|---|
| | | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി -ഇൻ-ചാർജ്ജ്) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. ഹരിദാസ്<br>സെക്രട്ടറി | സെക്രട്ടറി<br>കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ചെത്തിവട്ടത്തിൽ<br>കുറുപ്പൻകുളങ്ങര പി.ഒ.<br>ചേർത്തല, ആലപ്പുഴ |
| ശ്രീമതി. കാഞ്ചന റ്റി.കെ.<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി -ഇൻ-ചാർജ്ജ്)<br>കൊന്നത്തടി ഗ്രാമ പഞ്ചായത്ത് | വടക്കേവീട്ടിൽ, ബ്രഹ്മമംഗലം പി.ഒ., കോട്ടയം. |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1995-96 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/<br>2022(1995-96അദാലത്ത്) തീ.22-09-22 | 5 | 14(1, 2, 3, 4, 5),<br>15, 16, 17, 22. |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(1998-99അദാലത്ത്) തീ.22-09-2022 | 5 | 26, 29, 31, 32, 34 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/<br>2022 (1999-00 അദാലത്ത്)<br>തീ.22-09-2022 | 15 | 26, 27, 30, 33, 34,<br>35, 36, 38(1,2), 39,<br>40, 41, 42, 44, 45, 46 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2000-01 അദാലത്ത്) തീ.22-09-2022 | 3 | 30, 31, 32 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2002-03 അദാലത്ത്) തീ.22-09-2022 | 4 | 3-18, 3-20,<br>3-21, 3-22 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2003-04 അദാലത്ത്) തീ.22-09-2022 | 3 | 3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2004-05 അദാലത്ത്) തീ.22-09-2022 | 7 | 3-5, 3-8, 3-9, 3-10,<br>3-11, 3-13, 3-14 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022 | 8 | 3-1, 3-2, 3-5, 3-6, |

| | | | |
|---|---|---|---|
| | (2005-06അദാലത്ത്) തീ.22-09-2022 | | 3-7, 3-8, 3-11, 3-16 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2006-07അദാലത്ത്) തീ.22-09-2022 | 5 | 3-1, 3-5, 3-6,<br>3-7, 3-9 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2007-08അദാലത്ത്) തീ.22-09-2022 | 2 | 3-4, 3-5 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2008-09അദാലത്ത്) തീ.22-09-2022 | 1 | 3-4 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2009-10അദാലത്ത്) തീ.22-09-2022 | 4 | 3-5, 3-6(എ,ബി,സി), 3-7, 3-8 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2010-11അദാലത്ത്) തീ.22-09-2022 | 3 | 3-6, 3-11, 3-17 |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2011-12അദാലത്ത്) തീ.22-09-2022 | 1 | 3-4 |
| 2012-13 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2012-13അദാലത്ത്) തീ.22-09-2022 | 3 | 3-6, 3-8, 3-9 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2013-14അദാലത്ത്) തീ.22-09-2022 | 5 | 3-1, 3-2, 3-7, 3-8, 3-12 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2014-15അദാലത്ത്) തീ.22-09-2022 | 9 | 2-1, 2-2, 2-3, 3-2,<br>3-3, 3-6, 3-8, 3-9, 3-11 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2015-16അദാലത്ത്) തീ.22-09-2022 | 4 | 2-2, 2-3, 2-4, 3-10 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2016-17അദാലത്ത്) തീ.22-09-2022 | 3 | 2-1, 3-6, 3-7 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2017-18അദാലത്ത് ) തീ.22-09-2022 | 4 | 2-1, 3-2, 3-6, 3-15 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി.7/1438/2022<br>(2018-19അദാലത്ത്) തീ.22-09-2022 | 5 | 1-12, 1-14, 1-22, 1-26, 1-27 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.7/193/2022<br>തീ.08-04-2022 | 14 | 1-8, 1-9, 1-10, 1-11,<br>1-13, 1-14, 1-15, 1-16,<br>1-17, 1-19, 1-20,<br>1-27, 1-28 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.7/194/2022<br>തീ.27-04-2022 | 13 | 1-8, 1-10, 1-11, 1-12, 1-13,<br>1-14, 1-15, 1-16, 1-17, |

| | | | |
|---|---|---|---|
| | | | 1-18, 1-20, 1-22, 1-23 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.7-286/2023<br>തീ: 04/04/2023 | 25 | 1-3, 1-4, 1-8, 1-9, 1-9-1, 1-10-1, 1-10-2, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19-1, 1-19-2, 1-20, 1-21, 1-22-1, 1-22-2, 1-23, 1-24-1, 1-24-2, 4-3, |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number II (1) dated 26-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Konnathady Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Konnathady Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Konnathady Grama Panchayat for the Year 2022-2023.

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non -disclosure of Assets. Asset Register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement - Net increase /decrease in cash flow does not match with the difference between opening balance and closing balance of cash equivalents.

2. The Registers, viz., Loan Register, Advance Register etc. does not match with accounts and or not maintained correctly.

3. Lapses in making timely and accurate demand entries in respect of tax and non -tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്